**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**

( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07

**KOTTAYAM DIOCESE**

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Academic / 05**

**Date : 28.03.2024**

---

# MJSSA കലോത്സവം 2024

സീനിയർ ( Date of Birth 01.01.2007 to 31.12.2011 )

## " നീ വിശ്വസിക്കുമെങ്കിൽ ദൈവത്തിന്റെ മഹത്വം കാണും "
## ( വി.യോഹന്നാൻ 11:40 )

MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി
റവ.ഫാ.സോബിൻ ഏലിയാസ് വർഗീസ് അറയ്ക്കലൊഴത്തിൽ
തയ്യാറാക്കിയ സീനിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗം

**Prepared By**

**Rev. Fr. Sobin Elias Varghese Arakalozhathil**

**Vicar**
**St.MARYS JACOBITE SYRIAN SOONORO CHURCH KURICHY**

**Assistant Vicar**
**St.IGNATIUS JACOBITE SYRIAN CHURCH THOTTAKKADU**



--------------------------------------- ---

ദൈവ തിരുനാമത്തിന് മഹത്വമുണ്ടാകട്ടെ.

മാന്യ സദസ്സിന് കർത്തൃ നാമത്തിൽ സ്നേഹ വന്ദനം.

പ്രിയരെ,

വിശുദ്ധ യോഹന്നാൻ ശ്ലീഹ എഴുതിയ രക്ഷാ സുവിശേഷം പതിനൊന്നാം അദ്ധ്യായം നാല്പതാം തിരുവചനം നാം ഇങ്ങനെ വായിക്കുന്നു. യേശു അവളോട്: ' നീ വിശ്വസിക്കുമെങ്കിൽ, നീ ദൈവത്തിന്റെ മഹത്വം കാണുമെന്ന് ഞാൻ നിന്നോടു പറഞ്ഞില്ലയോ?' എന്ന് പറഞ്ഞു. ഇപ്രകാരമുള്ള ഒരു പ്രസ്താവന

കർത്താവ് നടത്തുവാനുണ്ടായ സാഹചര്യവും സന്ദർഭവും ഏതാണെന്ന് നമ്മുക്കേവർക്കും അറിവുള്ളതാണല്ലോ. കർത്താവിന്റെ ഈ ലോക ജീവിതവുമായി ബന്ധപ്പെട്ടു സംഭവിച്ച ഒരു വലിയ അത്ഭുതത്തിന്റെ ഇടയിലുണ്ടായ സംഭാഷണ ശകലമാണ് മേൽപ്പറഞ്ഞ വാക്യം.

മാർത്ത, മറിയ, ലാസർ എന്നീ സഹോദരങ്ങളുടെ ജീവിതത്തിൽ ഉണ്ടായ അഥവാ അവരുടെ കർത്താവും ഗുരുവും നാഥനുമായ യേശു തമ്പുരാൻ നിർവഹിച്ച, അതു വരെയും ഒരിക്കലും സംഭവിക്കാത്ത ഒരു അത്ഭുതത്തിന്റെ നിർവഹണത്തിന് വേണ്ടതായ ഏക മാർഗം ഇതാണ്, അത് നിന്നോട് പറഞ്ഞുവല്ലോ എന്നാണ് കർത്താവ് ചോദിക്കുന്നത്. വിശുദ്ധ യോഹന്നാൻ ശ്ലീഹാ എഴുതിയ രക്ഷാ സുവിശേഷം പതിനൊന്നാം അദ്ധ്യായം 25, 26 തിരുവചനങ്ങളിൽ കൂടി അത് കണ്ടെത്തുവാൻ സാധിക്കുന്നു. അത് ഇപ്രകാരമാണ്, " ഞാനാകുന്നു പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരിക്കലും മരിക്കയില്ല. നീ ഇതു വിശ്വസിക്കുന്നുവോ?". ഇവിടെ ഈ രണ്ടു വാക്യത്തിലും, ഇന്നത്തെ എന്റെ പ്രസംഗ വിഷയത്തിലും, കർത്താവും രക്ഷകനുമായവൻ മാർത്തയോടായിട്ട് പറയുകയാണ് - വിശ്വസിക്കുമെങ്കിൽ, നീ ദൈവത്തിന്റെ മഹത്വം കാണുമെന്ന് ഞാൻ നിന്നോടു പറഞ്ഞില്ലയോ?' അതേ, 'ദൈവ മഹത്വം കാണുവാനും ആരും ഒരുനാളും മരിക്കാതിരിക്കുവാനും ആവശ്യം വേണ്ടത് വിശ്വാസമാണ് എന്ന് '.

Kottayam Diocese Kottayam Diocese Kottayam Diocese

പ്രിയമുള്ളവരെ,

എന്താണ് വിശ്വാസം? പരിശുദ്ധനായ പൗലോസ് ശ്ലീഹാ വിശ്വാസം എന്നതിന്റെ നിർവ്വചനം എബ്രായർക്കുള്ള ലേഖനം വഴി നമുക്ക് പറഞ്ഞുതരികയാണ്. എബ്രായർ പതിനൊന്നാം അദ്ധ്യായം ഒന്നാം തിരുവചനത്തിൽ ഇപ്രകാരം നാം വായിക്കുന്നു. 'വിശ്വാസം എന്നതോ - പ്രത്യാശയിൽ ഇരിക്കുന്നവയെക്കുറിച്ച് - അവ പ്രവൃത്തി രൂപത്തിൽ ആയിത്തീർന്നിരുന്നാൽ എന്ന പോലെയുള്ള ഉറപ്പും, കാണാത്ത കാര്യങ്ങളുടെ ബോധ്യവും ആകുന്നു '. അതെ, വിശ്വാസം എന്നാൽ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു'. എന്താണ് ആശിക്കുന്നതിന്റെ ഉറപ്പ്, കാര്യ നിർവ്വഹണത്തിൽ മതിയായവൻ എന്ന് പൂർണ്ണമായി ഒരാളിൽ ഉറപ്പോടും കൂടി ആശവെക്കുക. ഇത് വിശ്വാസത്തിന്റെ ആദ്യപടിയാണ്. അതുപോലെ ഇതുവരെയും കാണാത്ത കാര്യങ്ങളും നിറവേറ്റാൻ പ്രാപ്തനാണ് എന്നുള്ള പ്രത്യാശ ഒരാളിൽ കണ്ടെത്തുക. ഇത് വിശ്വാസത്തിന്റെ രണ്ടാമത്തെ പടിയാണ്. ഈ രണ്ടു പടികളും ചവിട്ടി നിൽക്കുന്നവന് അഥവാ ഒരു വിശ്വാസിക്ക് ദൈവം മഹത്വവും അത്ഭുതങ്ങളും അനുഭവിക്കുവാനും കാണുവാനും സാധിക്കുന്നു.

Kottayam Diocese

വിശ്വാസത്തിലൂടെ മഹാകാര്യങ്ങൾ കാണുകയും അനുഭവിക്കുകയും ലോകത്തെ മാറ്റിമറിക്കുകയും ചെയ്ത സംഭവങ്ങളുടെ ഒരു നിര തന്നെ വിശുദ്ധ പൗലോസ് ശ്ലീഹ എബ്രായ ലേഖനം പതിനൊന്നാം അധ്യായത്തിലൂടെ നമുക്ക് മനസ്സിലാക്കി തരുന്നുണ്ട്. ഈ വിവരണങ്ങളിലൂടെ എബ്രായ ലേഖകൻ നമുക്ക് നൽകുന്ന ഉപദേശം നമ്മുടെ പൂർവ്വ പിതാക്കൾ വിശ്വാസത്തിലൂടെ പ്രാപിച്ചെടുത്ത ദൈവീക കൃപകളും അനുഗ്രഹങ്ങളും അത്ഭുത സംഭവങ്ങളും നാം പ്രാപിക്കുവാൻ ദൈവത്തോടുള്ള അചഞ്ചലമായ വിശ്വാസം നമ്മളിൽ

രൂപപ്പെടണം. ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമുള്ളവരാകണം. വിശ്വാസത്തിന്റെ സ്ഥൂലമായ ഭാവം കർത്താവ് നമ്മുക്ക് പറഞ്ഞു തരുന്നുണ്ട്. അത് വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷം പതിനൊന്നാം അദ്ധ്യായം അതിന്റെ ഇരുപത്തിമൂന്നാം വാക്യത്തിൽ നാം ഇങ്ങനെ വായിക്കുന്നു, ' ഈ മല ഇവിടെ നിന്നും മാറി കടലിൽ വീഴട്ടെ എന്നു പറയുകയും, തന്റെ ഹൃദയത്തിൽ സംശയിക്കാതെ, പറയുന്ന കാര്യം സംഭവിക്കുക തന്നെ ചെയ്യും എന്നു വിശ്വസിക്കുകയും ചെയ്താൽ, അവൻ പറയുന്നതു സംഭവിക്കും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു '. വിശ്വാസത്തിലൂടെ ഇവയെ മാറ്റുവാനുള്ള ശക്തി നമുക്കുണ്ടാകുന്നു എന്ന് ഇതിലൂടെ നാം മനസ്സിലാക്കുന്നു.

Kottayam Diocese Kottayam Diocese Kottayam Diocese

പ്രിയരേ,

നാം ആരെ വിശ്വസിക്കണം? എബ്രായ ലേഖനം മൂന്നാം അദ്ധ്യായം നാലാം വാക്യത്തിൽ നാം ഇപ്രകാരം കാണുന്നു. ' ഏതു വീടും മനുഷ്യനാലാകുന്നുവല്ലോ പണിയപ്പെടുന്നത്. എന്നാൽ സർവ്വവും പണിയുന്നവൻ ദൈവമാകുന്നു ' . അതുപോലെ റോമർക്ക് എഴുതിയ ലേഖനം ഒന്നാം അദ്ധ്യായം ഇരുപതാം തിരുവചനത്തിൽ ' എന്തെന്നാൽ അദൃശ്യകാര്യങ്ങളും, തന്റെ ശക്തിയും നിത്യമായ ദൈവത്വവും ലോകാരംഭം മുതൽ തന്നെ തന്റെ സൃഷ്ടികൾക്ക് ബുദ്ധിപരമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു ' എന്നും സൂചിപ്പിക്കുന്നു. ലോകത്തെ ചമച്ചവനും സർവ്വശക്തനുമായ ദൈവത്തിൽ നമ്മുക്ക് വിശ്വസിക്കാം. വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷം പതിനൊന്നാം അദ്ധ്യായം ഇരുപത്തിരണ്ടാം തിരുവചനം യേശു ഉത്തരമായി അവരോട് : " നിങ്ങളിൽ ദൈവവിശ്വാസമുണ്ടായിരിക്കട്ടെ ". അതെ ദൈവത്തിൽ വിശ്വാസമുള്ളവരായിരിപ്പിൻ എന്ന് ആഹ്വാനം ചെയ്തുകൊണ്ട് നിർത്തുന്നു.

ജയ് ജീസസ്സ് ക്രൈസ്റ്റ്

**https://mjssakottayamdiocese.com**

--------------------------------------- ---

| Category | Date of Birth | Time | Marks |
|---|---|---|---|
| Senior | 01.01.2007 to 31.12.2011 | 5 Minutes | 100 |

| Scoring Indicators | Point | | Scoring Indicators | Point |
|---|---|---|---|---|
| ആമുഖം | 5 | | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | | ധാരാവാഹിതം Fluency | 10 |
| ആശയസ്പുടത | 40 | | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്പുടത | 10 | | ഉപസംഹാരം | 5 |

Kottayam Diocese Kottayam Diocese Kottayam Diocese

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

സീനിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗം MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ റവ.ഫാ.സോബിൻ ഏലിയാസ് വർഗീസ് അറയ്ക്കലൊഴത്തിൽ അച്ചനോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള മാതൃക പ്രസംഗം വായിച്ച് , ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ആവശ്യമെങ്കിൽ പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. Scoring Indicators കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

https://mjssakottayamdiocese.com